

# എന്തിന്നാണ് ഈ ദുഃഖം?

ബിജോയ് ശാമുവേൽ അബുദാബി

എന്തിനാണ് ദുഃഖം? എന്തുകൊണ്ടാണ് ദുഃഖം? എന്തിനാണ് നിരാശ? എന്തുകൊണ്ടാണ് നിരാശ? സന്തോഷമില്ലാത്ത അവസ്ഥയ്ക്കു ദുഃഖമെന്നു പറയാമോ എന്നറിയില്ല. മറിച്ച് ആഗ്രഹങ്ങൾ, അല്പം കൂടി ഉയർത്തി പറഞ്ഞാൽ മോഹങ്ങൾ നടക്കാതെ വരുമ്പോൾ ഉണ്ടാകുന്ന മനസ്സിന്റെ സ്ഥിതിയാണ് ദുഃഖം – നിരാശ ആശകൾ നടക്കാതെ വരുമ്പോൾ ഉണ്ടാകുന്നത്. ഏതായാലും മനുഷ്യന് ഭൗതികലോകത്തിൽ സന്തോഷം ഉണ്ടാകണമെങ്കിൽ അവന്റെ ആഗ്രഹങ്ങൾ / മോഹങ്ങൾ നിറവേററണം. ഇല്ലെങ്കിൽ അവൻ നിരാശനായി / ദുഃഖിതനായി മാറാം. ആത്മീയമായി നമുക്ക് ദുഃഖം ഉണ്ടോ? നിരാശ ഉണ്ടോ? എങ്കിൽ എന്തിനുവേണ്ടിയാണ്? ഭൗതികലോകത്തിലെ എല്ലാ സന്തോഷവും ആത്മീയലോകത്തിലെ സന്തോഷവുമായി ബന്ധപ്പെട്ടിരിക്കുന്നു. അതുപോലെ തന്നെ, ഭൗതികലോകത്തിലെ ദുഃഖത്തിനും നിരാശയ്ക്കും കാരണം ആത്മീയലോകത്തിലെ ദുഃഖവും നിരാശയുമാണ്. ആത്മീയലോകത്തിലെ സന്തോഷവും സമാധാനവും അനുഭവമാകണമെങ്കിൽ, ആത്മീയമായി നാം പൂർണ്ണവളർച്ചയിൽ എത്തേണം. വിശുദ്ധ കന്യകമറിയാമാണ് പിതാവായ ദൈവത്തിന്റെ ഒരു വൻപദ്ധതിയിൽ പങ്കാളിയായി തീർന്ന്, ലോകത്തിന്റെ രക്ഷകനെ ഈ ഭൂമിയിൽ അയച്ച് പാപത്തിൽ നിന്നും ശാപത്തിൽ നിന്നും മനുഷ്യരാശിയെ നിത്യജീവന്റെ പാതയിൽ എത്തിച്ചത്. ഇതായിരുന്നു ദൈവത്തിന്റെ ആഗ്രഹം. ദൈവത്തെ പ്രസാദിപ്പിച്ച് ദൈവത്തിന്റെ കൃപയിൽ വിശുദ്ധ കന്യകമറിയം അത് നടത്തികൊടുത്തപ്പോൾ, ദൈവത്തിന്റെ ഒരു ആഗ്രഹം നടത്തിയപ്പോൾ, എല്ലാവർക്കും സന്തോഷവും സമാധാനവും ലഭിക്കുന്നു.

ഉറപ്പിച്ചിരുന്ന വിവാഹം നടക്കാത്തതിൽ വിശുദ്ധ കന്യകമറിയാമിനോ യൗസേഫിനോ യാതൊരു ദുഃഖമോ നിരാശയോ ഇല്ലാത്തത്, നടന്നത് ആത്മീയമായ സന്തോഷവും സമാധാനവുമാണ്. അത് ഭൗതികസന്തോഷത്തിന് ഇടയായി. മാലാഖയിലുടെ ദൈവത്തിന്റെ കൃപയും സമാധാനവും മാതാവിന് എത്തിച്ചുകൊടുത്തത് ആത്മീയമായതാണ്. ഭൗതികമായ നിരാശയും ദുഃഖവും ഉണ്ടാകുമ്പോൾ അതിനെ അതിജീവിക്കാൻ ആത്മീയമായ സന്തോഷവും സമാധാനവും നമ്മളിൽ ഉണ്ടാകണം. യേശുക്രിസ്തു ആണ് യഥാർത്ഥമായ സമാധാനം, എഫെസ്യർ 2:14 അത് സ്വന്തമാക്കാൻ കഴിയണം. നമുക്ക് നമ്മളോട് തന്നെ ചോദിക്കാം, ഇന്നത്തെ എന്റെ ദുഃഖം എന്താണ്? എന്തു കാര്യത്തിലാണ് നിരാശ? അത് ഭൗതികമാണോ? ആത്മീയമാണോ? ഭൗതികമായ നിരാശയും ദുഃഖവും സഹിക്കാനും വഹിക്കാനും കഴിയുന്നില്ലെങ്കിൽ മറഞ്ഞിരിക്കുന്ന ആത്മീയമായ ദുഃഖം ഉണ്ടാകാം. കർത്താവിന് നമ്മളെപ്പററി ദുഃഖം ഉണ്ടോ? ‘ വിശുദ്ധ മത്തായി 6:33, മുമ്പേ അവന്റെ രാജ്യവും നീതിയും അന്വേഷിപ്പിൻ അതോടുകൂടെ ഇതൊക്കെയും നിങ്ങൾക്കു കിട്ടും.’ നമ്മെ തേടി സന്തോഷവും സമാധാനവും വരാത്തതിന്റെ കാരണം, നാം ദൈവത്തിന്റെ രാജ്യവും നീതിയും അന്വേഷിക്കാറില്ല എന്നതാണ്. എന്താണ് നീതി, എന്താണ് രാജ്യം എന്നിവ അറിയാൻ റോമർ 14:17 വായിക്കുക. നമ്മുടെ

അന്വേഷണം സ്വർഗ്ഗത്തിൽ എത്തിയോ? നാം അതിന്റെ അനുഭവത്തിൽ എത്തിച്ചേർന്നോ? ഇല്ലെങ്കിൽ എന്താണ് കാരണം? ആത്മീയമായി പറയുമ്പോൾ, നാം ആഗ്രഹിക്കേണ്ടത് സൃഷ്ടികളെ അല്ല, മറിച്ച് സൃഷ്ടാവിനെയാണ്. അത് കിട്ടിയില്ലെങ്കിൽ നാം ദുഃഖിക്കേണം, നിരാശരാകണം. അല്ലാതെ സൃഷ്ടികളെ ലഭിക്കാത്തതിൽ നാം നിരാശപ്പെടരുത്, ദുഃഖിക്കരുത്. വിദ്യാർത്ഥികളെ, പരീക്ഷയിൽ ജയവും പരാജയവും ഉണ്ട്, നാം ക്രമമായും ചിട്ടയായും പഠിക്കുക, ഫലം തരുന്നത് ദൈവമാണ്. യഥാർത്ഥവിജയം ആത്മീയജീവിതത്തിലാണ്. അത് നേടിയെടുക്കുന്നതിനായി നാം പരിശ്രമിക്കേണം. അത് തികച്ചും സൗജന്യമായി ലഭിക്കുന്നു. നമ്മുടെ ആഗ്രഹങ്ങൾ സൃഷ്ടാവിനെ തേടി ആണെങ്കിൽ, അതിൽ വിജയിച്ചാൽ നമുക്ക് ആവശ്യമായ സൃഷ്ടികൾ നമ്മെ തേടി വരുന്നു. ഇന്ന് നാം സൃഷ്ടികളെ തേടിപ്പോകുന്നു, സൃഷ്ടാവിനെ സൗകര്യപൂർവ്വം മറക്കുന്നു. ആയതിനാൽ എല്ലാ ആശകളും യേശുവിലേക്ക് മാത്രം. ആത്മീയമായി പറയുമ്പോൾ, ലൗകീകമായ നിരാശ പാപമാണ്. കർത്താവിന്റെ കല്പനകൾ അനുസരിച്ച് ജീവിച്ചാൽ നമുക്ക് ഒരിക്കലും നിരാശ ഉണ്ടാകാൻ പാടില്ല. കാരണം കർത്താവ് അറിയാതെ നമ്മുടെ തലയിലെ ഒരു മുടിപോലും പൊഴിഞ്ഞുപോകുന്നില്ല. നിരാശ വരുത്തുന്നത് പിശാചിന്റെ ഇടപെടലുകൾ കാരണമാണ്. അതായത് പിതാവായ ദൈവം അവനെ സ്വർഗ്ഗത്തിൽ നിന്ന് ഇറക്കിവിട്ടു, ഇനിയും അവന് സ്വർഗ്ഗരാജ്യത്തിന്റെ അനുഭവത്തിലേക്ക് തിരികെ വരുവാൻ കഴിയുന്നില്ല. അതിനാൽ അവൻ വളരെ നിരാശയുള്ളവനാണ്, ദുഃഖിതനാണ്, അസൂയയുള്ളവനാണ്. അവന്റെ അവകാശം നമ്മളിൽ കിടക്കുമ്പോൾ അവന്റെ നിരാശയും ദുഃഖവും മറെറാരുവിധത്തിൽ നമ്മെ ബാധിക്കുന്നു.

റോമർ 5:5 ൽ പ്രത്യാശയ്ക്കോ ഭംഗം വരുന്നില്ല, ദൈവത്തിന്റെ സ്നേഹം നമുക്ക് നൽകപ്പെട്ട പരിശുദ്ധാത്മാവിനാൽ നമ്മുടെ ഹൃദയങ്ങളിൽ പകർന്നിരിക്കുന്നു. ശ്രദ്ധിക്കേണ്ടത്, ദൈവത്തിന്റെ സ്നേഹം, പരിശുദ്ധാത്മാവ്, ഹൃദയം – ഇതാണോ നമ്മുടെ ചിന്തകളും വിചാരവും ആലോചനകളും അതോ ഭൗതീകമായ നേട്ടങ്ങൾക്കുവേണ്ടി ഓടി കിതച്ച്, പ്രാർത്ഥിക്കാനോ ധ്യാനിക്കാനോ സമയം കിട്ടാതെ സകലശക്തിയും ശത്രുവിന്റെ ശക്തി വർദ്ധിപ്പിക്കാൻ നാം അറിയാതെ സഹായിക്കുകയാണോ? പ്രത്യാശയ്ക്കു ഒരിക്കലും ഭംഗം വരരുത്. കർത്താവ് മാററമില്ലാത്തവനാണ്. അവൻ നമ്മെ ഓരോരുത്തരെ മാറോടണച്ച് ആശ്വസിപ്പിക്കും. ദൈവത്തിന്റെ സ്നേഹം പകർന്നുതരുമെന്നാണ്. പകരുന്നത് ഒരു പാത്രത്തിൽ നിന്ന് മറെറാരു പാത്രത്തിലേക്കാണ്. അവ ശുദ്ധിയുള്ളതായിരിക്കണം. അവ അടുത്തടുത്ത് ഇരിക്കണം. നമ്മുടെ ഹൃദയം ദൈവത്തോട് അടുത്തിരിക്കുകയാണോ? ശുദ്ധിയുള്ള ഹൃദയമാണോ? ഹൃദയശുദ്ധിയുള്ളവർ ഭാഗ്യവാന്മാർ, അവർ ദൈവത്തെ കാണുമെന്നാണ് വിശുദ്ധ മത്തായി സുവിശേഷം 5:8 ൽ പറയുന്നത്. സങ്കീർത്തനങ്ങൾ 119:116 ൽ പറയുന്നത്, ‘ഞാൻ ജീവിച്ചിരിക്കേണ്ടതിന് നിന്റെ വചനപ്രകാരം എന്നെ താങ്ങണമേ. എന്റെ പ്രത്യാശയിൽ

ഞാൻ ലജ്ജിച്ചുപോകരുതേ' എന്നാണ്. യേശു മാത്രമാണ് എന്റെ പ്രത്യാശ. ആ പ്രത്യാശയിൽ നമ്മുടെ വിശ്വാസം പൂർണ്ണമായാൽ ദൈവത്തിന്റെ ഇഷ്ടത്തിനനുസരിച്ച് ജീവിച്ച് ദൈവത്തെ പ്രസാദിപ്പിക്കാൻ കഴിയും. ക്ഷണിക്കാത്ത അതിഥികളെപ്പോലെ കടന്നുവരുന്ന പ്രയാസങ്ങൾ/ദുഃഖങ്ങൾ/കഷ്ടങ്ങൾ/കഷ്ടതകൾ എന്നിവയെ സന്തോഷത്തോടെ സ്വീകരിക്കണം. കാരണം ഇതിനെയെല്ലാം രക്ഷയുടെ പാതയിലേക്ക് നമ്മെ നയിക്കുന്നു. ദൈവത്തിന്റെ ഇഷ്ടത്തിനും പദ്ധതികൾക്കും വേലയ്ക്കും നമ്മെതന്നെ ഏൽപ്പിക്കണം. വിശുദ്ധ മത്തായി 12:19-20 ൽ പറയുന്നത്, ചതഞ്ഞ ഓട അവൻ ഒടിച്ചുകളയുകയില്ല. പുകയുന്ന തിരി കെടുത്തുകയില്ല. അവൻ ന്യായവിധി ജയത്തോളം നടത്തും. അവന്റെ നാമത്തിൽ ജാതികൾ പ്രത്യാശ വയ്ക്കും. എത്ര വലിയ കഷ്ടതകൾ ആയാലും അത് സഹിക്കുവാനും വഹിക്കുവാനും നാം തയ്യാറാകണം. ദൈവം അതിന് ആവശ്യമായ ശക്തി നമുക്ക് പകർന്നു നൽകുമെന്ന് ഉറച്ചുവിശ്വസിക്കേണം. 1 തെസ്സലൊനീക്യർ 1:3 ൽ വിശ്വാസത്തിന്റെ വേലയും സ്നേഹപ്രയ്തനവും നമ്മുടെ കർത്താവായ യേശുക്രിസ്തുവിനെ കുറിച്ചുള്ള പ്രത്യാശയുടെ സ്ഥിരതയും ഇടവിടാതെ നമ്മുടെ ദൈവവും പിതാവുമായവന്റെ സന്നിധിയിൽ ഓർക്കുന്നു. നമ്മുടെ പിതാക്കന്മാർ ദൈവസന്നിധിയിൽ നമ്മൾക്കുവേണ്ടി മദ്ധ്യസ്ഥത അർപ്പിക്കുമ്പോൾ, എനിക്ക് ഈ ദുഃഖം എന്തിനാണ്? എന്തിനാണ് ഈ നിരാശ? എല്ലാം സകലവും സൃഷ്ടിച്ചവന്റെ കൈയിൽ സമർപ്പിക്കുക, നമ്മുടെ ജീവിതവും ജീവനും. അത് അവിടെ സുരക്ഷിതമാണ്. അവന്റെ ഇഷ്ടത്തിനനുസരിച്ച് അതിനെ പ്രയോജനപ്പെടുത്തട്ടെ. അവന്റെ ബലമുള്ള കൈയ്ക്കു താണിരിക്കുവാൻ നാം പഠിക്കേണം. അതിന് താഴ്മ, എളിമ ആവശ്യമാണ്. അത് ധ്യാനത്തിലൂടെ മാത്രമേ ലഭിക്കുകയുള്ളു.

റോമർ 5:3; 8:24,25;12:12 വായിക്കുക. കഷ്ടത സഹിഷ്ണതയെയും സഹിഷ്ണത സിദ്ധതയെയും സിദ്ധത പ്രത്യാശയും ഉളവാക്കുന്നു എന്ന് അറിഞ്ഞ് നാം കഷ്ടങ്ങളിലും പ്രശംസിക്കുന്നു. ആ പ്രത്യാശയിലാണ് നാം രക്ഷിക്കപ്പെട്ടിരിക്കുന്നത്. കാണുന്ന പ്രത്യാശയല്ല, നാം കാണാത്തതിനായി പ്രത്യാശിക്കുന്നു. എങ്കിലോ അതിനായി ക്ഷമയോടെ കാത്തിരിക്കുന്നു. യേശുവിലെ ആശയിൽ മാത്രം സന്തോഷിച്ച് ഭൗതിക ദുഃഖവും നിരാശയും അതിജീവിക്കാം.

താഴെ തന്നിരിക്കുന്ന വേദവായന ഭാഗങ്ങൾ കൂടി ശ്രദ്ധിക്കുക:

റോമർ 15:4,12,13; 1 കൊരിന്ത്യർ 13:7,12; 15:19; II കൊരിന്ത്യർ 1:7,10,14; ഗലാത്യർ 5:5; എഫെസ്യർ 1:12,18; 2:12; 3:12; 4:4; ഫിലിപ്പിയർ 2:19,24; 3:4; കൊളോസോസ് 1:4,5,23,27; I തീമൊത്തി 1:1; 4:10; തീത്തോസ് 1:2,3; 2:13; 3:7; എബ്രായർ 3:6; 4:16; 6:11,18,19,20